# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


നം.155/വെഹ്/2011/കെ.എസ്.ഇ.ആർ.സി — തീയതി:27.07.2021

## ടെണ്ടർ കം ലേലം നോട്ടീസ്

2006 മോഡൽ ഫോർഡ് ഫിയസ്റ്റ പെട്രോൾ കാർ (142620 കിമീ ഓടിയത്) വിൽപ്പനയ്ക്കായി മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. താൽപര്യമുള്ളവർ 16.08.2021-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് മുമ്പായി 2000/- രൂപ നിരതദ്രവ്യം സഹിതം " സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം- 695 010" എന്ന പേർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അന്നേ ദിവസം തന്നെ ഉച്ചകഴിഞ്ഞ് 3.15ന് ലേലം നടത്തുന്നതാണ്. ലേലം സംബന്ധിച്ച നിബന്ധനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ലേല നടപടികൾ ഏതു സമയവും പ്രത്യേകം കാരണം പറയാതെ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. വിശദ വിവരങ്ങൾ കമ്മീഷന്റെ വെബ്സൈറ്റായ www.erckerala.org-ൽ ലഭ്യമാണ്.

സെക്രട്ടറി

## ഫോർഡ് ഫിയസ്റ്റ പെട്രോൾ കാറിന്റെ ലേലം സംബന്ധിച്ച നിബന്ധനകൾ

1. വിൽപ്പനയ്ക്കുദ്ദേശിക്കുന്ന വാഹനം 142620 കി.മി. ദൂരം ഓടിയ ഒരു 2006 മോഡൽ ഫോർഡ് ഫിയസ്റ്റ പെട്രോൾ കാർ ആകുന്നു.
2. ടെണ്ടറർമാർക്ക് വെള്ളയമ്പലം സി.വി.രാമൻപിള്ള റോഡിലെ കെ.പി.എഫ്.സി ഭവനിലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പരിസരത്ത് വാഹനം പരിശോധിക്കാവുന്നതാണ്.
3. ടെണ്ടർ - കം - ലേലം രീതി സ്വീകരിക്കുന്നതാണ്.
4. താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക് വാഹനത്തിനുള്ള അവരുടെ ഏറ്റവും ഉയർന്ന വില സമർപ്പിക്കാവുന്നതാണ്.
5. മുദ്രവച്ച ടെണ്ടറുകൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപ്പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.
6. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 16.08.2021, 3:00 പി.എം ആകുന്നു. അതിനുശേഷം ഉടനെ ലേലം നടത്തുന്നതാണ്.
7. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
8. ടെണ്ടറിനോടൊപ്പം 2000/- രൂപയുടെ (രൂപ രണ്ടായിരം മാത്രം) നിരതദ്രവ്യം (ഇ.എം.ഡി) സമർപ്പിക്കേണ്ടതാണ്.
9. നിരതദ്രവ്യം പണമായോ "സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, തിരുവനന്തപുരം" പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കവടിയാർ ബ്രാഞ്ച്, തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ കൊടുക്കാവുന്നതാണ്.
10. നിരതദ്രവ്യവും ടെണ്ടറും പ്രത്യേകം കവറുകളിൽ സമർപ്പിക്കേണ്ടതാണ്.
11. ലേലം നടത്തുന്നതിനു മുമ്പ് നിരതദ്രവ്യം പരിശോധിക്കുന്നതാണ്.
12. നിർദ്ദേശിക്കപ്പെട്ട നിരതദ്രവ്യം സമർപ്പിക്കുന്ന ബിഡ്ഡർമാർക്ക് ടെണ്ടറിലോ ലേലത്തിലോ രണ്ടിലുമോ പങ്കെടുക്കാവുന്നതാണ്.
13. സാധുതയുള്ള നിരതദ്രവ്യത്തോടുകൂടിയല്ലാത്ത ടെണ്ടർ സ്വീകരിക്കുന്നതല്ല. അങ്ങനെയുള്ള ബിഡ്ഡർക്ക് ലേലത്തിൽ പങ്കെടുക്കാൻ കഴിയുന്നതല്ല.
14. ലേലം നടത്തിയതിനുശേഷം ടെണ്ടർ തുറക്കുന്നതാണ്.
15. ടെണ്ടറിലോ ലേലത്തിലോ ഏറ്റവും ഉയർന്ന തുക പറയുന്ന ബിഡ്ഡറെ തെരഞ്ഞെടുക്കുന്നതാണ്.

16. പരാജിതരായ ബിഡ്ഡർമാരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞ് മടക്കി നൽകുന്നതാണ്.

17. തെരഞ്ഞെടുക്കപ്പെട്ട ബിഡ്ഡർ ലേലം കഴിഞ്ഞാലുടൻ ഉറപ്പിച്ച തുകയുടെ 100% അടയ്ക്കേണ്ടതാണ്. അപ്രകാരമുള്ള തുക അടയ്ക്കുമ്പോൾ നിരതദ്രവ്യത്തിന്റെ 2000/- രൂപ കിഴിവ് ചെയ്യുന്നതാണ്.

18. വാഹനത്തിന്റെ ഉടമസ്ഥാവകാശ കൈമാറ്റം വിജയിയായ ടെണ്ടറർ സർക്കാർ ചട്ടങ്ങൾ പ്രകാരം നടത്തേണ്ടതാണ്.

**സെക്രട്ടറി**